(സി) സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നതിന് ഇടവാ ഗ്രാമപഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ആയിരുന്നയാളും കെ.പി.ഇ.ഒ. ജനറൽ സെക്രട്ടറിയുമായ ശ്രീ. എം. സുന്ദരേശൻ ബഹു. ഹൈക്കോടതിയിൽ 26407/99 നമ്പരായി ഒ.പി. ഫയൽ ചെയ്തു. ശ്രീ. സുന്ദരേശൻ സമർപ്പിച്ചിരുന്ന നിവേദനം പരിശോധിച്ച് മൂന്ന് മാസത്തിനകം ടിയാനെ നേരിൽകേട്ട് തീർപ്പ് കൽപ്പിക്കാൻ ബഹു. ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

353 (1546) കനാലുകളുടെ ശുചീകരണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനായി ആലപ്പുഴ എം.എൽ.എ. ഏതെങ്കിലും പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ആലപ്പുഴ നഗരത്തിലെ കനാലുകൾ ശുചീകരിക്കുന്നതിനും നഗര വികസനത്തിനുമായി ബന്ധപ്പെട്ട മന്ത്രിമാരെ പങ്കെടുപ്പിച്ച് ഉന്നതതല യോഗം വിളിച്ചുകൂട്ടണമെന്ന സ്ഥലം എം.എൽ.എയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിന് അടിയന്തിര പ്രാധാന്യം നൽകി ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതു സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ. സമർപ്പിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ബി) ആലപ്പുഴ വികസന അതോറിറ്റിയുമായി ബന്ധപ്പെട്ട് ആലപ്പുഴയുടെ നവീകരണം സംബന്ധിച്ച് ലഭിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടുകൾ പരിശോധിച്ച് നഗര നവീകരണത്തിനാവശ്യമായ ഹ്രസ്വ-ദീർഘകാല പദ്ധതികൾ ശുപാർശ ചെയ്യാൻ നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി)&(ഡി) ആലപ്പുഴ നഗരത്തിന്റെ വികസനം സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട മന്ത്രിമാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതലയോഗം ചേരുന്നത് സംബന്ധിച്ച ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ.സി. വേണുഗോപാൽ എം.എൽ.എ.യുടെ പ്രോജക്ട് റിപ്പോർട്ടിന്മേൽ നഗരസഭാ സെക്രട്ടറിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാരെ പങ്കെടുപ്പിച്ച് ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly